*പ്രസിദ്ധീകരണത്തിന്*

# 'ഇന്നത്തെ മതാവസ്ഥയും മനുഷ്യാവസ്ഥയും' ചർച്ച മല്ലികാ സാരാഭായ് ഉദ്ഘാടനം ചെയ്തു

മത-ഫാസിസ്റ്റ് വിധ്വംസക ശക്തികൾ മാനവികതയ്ക്കു നേരെ ഉയർത്തുന്ന ഭീഷണിയുടെ പശ്ചാത്തലത്തിൽ സംഘടിപ്പിച്ച 'ഇന്നത്തെ മതാവസ്ഥയും മനുഷ്യാവസ്ഥയും' എന്ന തുറന്ന ചർച്ച തൃശൂർ സാഹിത്യ അക്കാദമിയിൽ നർത്തകിയും സാമൂഹിക പ്രവർത്തകയുമായ മല്ലികാ സാരാഭായ് ഉദ്ഘാടനം ചെയ്തു. ഭീരുത്വത്താലുള്ള ഒരു നിശബ്ദതയിലായിരുന്നു ഏറെക്കാലമായി ഇന്ത്യ. എന്റെ ജീവനും സ്വത്തും സുരക്ഷിതമാണെന്നതിനാൽ ഞാൻ മിണ്ടാതിരിക്കുന്നു എന്ന ചിന്ത പ്രബലമായിരുന്നു. നയൻതാര സെഗാളിനെ പോലെയുള്ള എഴുത്താകാർ ആ മൗനത്തെ മുറിച്ചുകൊണ്ട് പുതിയൊരു പ്രതിഷേധത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. കേരളവും അതേറ്റെടുക്കണം. കലാപ്രവർത്തകരുടെ ഭാഗത്തുനിന്നും വേണ്ടത്ര പ്രതികരണം ഇവിടെ ഉയർന്നിട്ടില്ല. എല്ലാവിധ ആർട്ടിസ്റ്റുകളും ഈ പ്രതിഷേധത്തിൽ പങ്കുചേരേണ്ടതുണ്ട്. കലയ്ക്ക് വ്യത്യസ്തമായ രൂപങ്ങളിൽ ഈ പ്രതിഷേധത്തെ അവതരിപ്പിക്കാൻ കഴിയും. ഉറപ്പായും അത് അവതരിപ്പിക്കപ്പെടണം. സാക്ഷര കേരളത്തിന് കൂടുതൽ ഉത്തരവാദിത്തം ഇക്കാര്യത്തിലുണ്ട് എന്ന് മല്ലികാ സാരാഭായ് പറഞ്ഞു. തുടർന്ന് കെ. വേണു വിഷയാവതരണം നടത്തി. ഫാസിസത്തെ നേരിടുന്നതിനായി എന്തെല്ലാം പ്രായോഗിക പ്രവർത്തനങ്ങളാണ് സാധ്യമാകുന്നതെന്ന് ആലോചിക്കണമെന്ന് വേണു പറഞ്ഞു. ഇന്ത്യൻ സാമൂഹികാവസ്ഥയെക്കുറിച്ചുള്ള സമൂർത്തമായ തിരിച്ചറിവുകളിൽ നിന്നുവേണം മത ഫാസിസം ഉയർത്തുന്ന ഭീഷണിയെ നേരിടേണ്ടതെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് പി.എൻ. ഗോപീകൃഷ്ണൻ മോഡറേറ്ററായി നടന്ന ചർച്ചയിൽ കെ. അരവിന്ദാക്ഷൻ, കെ. രാജഗോപാൽ, വടക്കേടത്ത് പത്മനാഭൻ, സി. കർമ്മചന്ദ്രൻ, പി. ഗീത, കെ.എം. ഷീബ, പ്രൊഫ. കുസുമം ജോസഫ്, എൻ. പത്മനാഭൻ, വിനോദ് ചന്ദ്രൻ, കെ. രാധാകൃഷ്ണൻ, അൻവർ അലി, എൻ.എൻ. ഗോകുൽദാസ്, ഫാ. ബെന്നി ബെനടിക്ട്, ഐ. ഷൺമുഖദാസ്, ഐ. ഗോപിനാഥ്, ജോർജ്ജ് പുലികുത്തിയിൽ, കെ.സി. സന്തോഷ് കുമാർ, ശരത് ചേലൂർ, സാബു, ഫിറോസ്, അരുൺ തുടങ്ങിയവർ സംസാരിച്ചു. പരിപാടിയുടെ ഭാഗമായി തയ്യാറാക്കിയ ഫാസിസ്റ്റ് വിരുദ്ധ പ്രമേയവും വേദിയിൽ അവതരിപ്പിച്ചു.

**പ്രമേയം**

മതത്തെ മുൻനിർത്തിയുള്ള ഫാസിസം ഇന്ന് ഇന്ത്യയിലെമ്പാടും തേർവാഴ്ച നടത്തുകയാണ്. ചിന്തയ്ക്കും ഭാവനയ്ക്കുമെതിരെ അവർ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ചിന്തിക്കുന്നവരേയും സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരേയും കൊന്നൊടുക്കുകയും ഭീഷണിപ്പെടുത്തുകയും നിശബ്ദരാക്കുകയും ചെയ്യുന്ന ഭീകരപ്രവർത്തനമാണ് അവർ നടത്തുന്നത്. ഭരണകൂട സ്ഥാപനങ്ങളേയും സാംസ്കാരിക പ്രബുദ്ധതയേയും കാറ്റിൽപ്പറത്തിയാണ് ഇത് അരങ്ങേറുന്നത്. ഇത് അനുവദിച്ചുകൂടാ. ദൈനംദിന ജീവിതത്തിന്റെ സമസ്ത മേഖലകളിലും നിർഭയത്വം അനിവാര്യമാണ്. അതിനാൽ ഈ മത ഫാസിസത്തിനെതിരെ ചിന്തയിലും ഭാവനയിലും വിശ്വസിക്കുന്ന എല്ലാ മനുഷ്യരും ഐക്യപ്പെടേണ്ടതുണ്ട്. അത്തരത്തിൽ ജനാധിപത്യത്തേയും ചിന്താസ്വാതന്ത്ര്യത്തേയും അഗാധമാക്കുന്ന പ്രക്രിയയ്ക്കുമാത്രമേ ഈ വിപത്തിനെ തടയാനാകൂ.

ഇന്ത്യയിലെമ്പാടും ഉയർന്നുവരുന്ന ഫാസിസ്റ്റ് വിരുദ്ധതയോട് ഈ സമ്മേളനം ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.